**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2929** **07-10-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ ഒ . ആർ. കേളു**<br>**(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ 2021 മുതൽ വകുപ്പിന്റെ കീഴിൽ നടന്ന വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ 2021 മുതൽ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ നടന്ന വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

**ദുർബല വിഭാഗ പുന:രധിവാസ പദ്ധതി**

| നഗർ | ചെലവഴിച്ച തുക | നിലവിലെ സ്ഥിതി |
|---|---|---|
| കുമ്മാട്ടിക്കുളം | 76,02,682/- | 76.02 ലക്ഷം രൂപയുടെ വികസന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

**അംബേദ്കർ ഗ്രാമം**

| പദ്ധതി | അടങ്കൽ തുക | ഏജൻസിയ്ക്ക് അനുവദിച്ച തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| സിവിൽ സ്റ്റേഷൻ അംബേദ്ക്കർ ഗ്രാമം | 50,00,000/- | 8,98,216/- | പ്രവൃത്തി പൂർത്തീകരിച്ചു. |

കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ ഉന്നതികൾ ഇല്ല. നിലവിൽ ഒറ്റപ്പെട്ട് താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളാണ് ഉള്ളത്. പ്രസ്തുത മണ്ഡലത്തിൽ വകുപ്പ് 2021 മുതൽ ചുവടെ പരാമർശിച്ച വികസന പദ്ധതികളാണ് നടത്തി വരുന്നത്.

* കോഴിക്കോട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിലും കോഴിക്കോട് മെഡിക്കൽ കോളേജ് ഫെസിലിറ്റേഷൻ സെന്ററിലുമായി രണ്ട് സഹായി കേന്ദ്രങ്ങൾ നടത്തി വരുന്നു.

* ഈസ്റ്റ്ഹിൽ പ്രീ-മെട്രിക് ഹോസ്റ്റലിൽ എം.പി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച സ്മാർട്ട് ക്ലാസ്സ് റൂം നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

* 2022-23 വർഷം ജനനി ജന്മരക്ഷ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 32,000/- രൂപ ധനസഹായം നൽകിയിട്ടുണ്ട്.

* ഭക്ഷ്യ സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 3 ഗുണഭോക്താക്കൾക്ക് കിറ്റ് വിതരണം ചെയ്തിട്ടുണ്ട്.

<table>
<tr><td></td><td></td><td></td><td>* വിവാഹ ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ഗുണഭോക്താവിന് 1 ലക്ഷം രൂപ നൽകിയിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>മണ്ഡലത്തിൽ അംബേദ്കർ ഗ്രാമപദ്ധതിയിൽ ഉൾപ്പെട്ടുത്തിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?</td><td>(ബി)</td><td>മണ്ഡലത്തിൽ അംബേദ്കർ ഗ്രാമപദ്ധതിയിൽ ഉൾപ്പെട്ടുത്തിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>
<table>
<tr><th>പദ്ധതി</th><th>അടങ്കൽ തുക</th><th>ഏജൻസിയ്ക്ക് അനുവദിച്ച തുക</th><th>നിലവിലെ സ്ഥിതി</th></tr>
<tr><td>സിവിൽ സ്റ്റേഷൻ അംബേദ്ക്കർ ഗ്രാമം</td><td>50,00,000/-</td><td>8,98,216/-</td><td>പ്രവൃത്തി പൂർത്തീകരിച്ചു.</td></tr>
</table>
അംബേദ്കർ ഗ്രാമം പദ്ധതിയിൽ 2025-26 സാമ്പത്തിക വർഷം കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ കപ്പുറത്തുമീത്തൽ നഗർ തെരഞ്ഞെടുത്തിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ